# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 7101.** 16/07/2012 - ലെ മറുപടിക്ക്

## പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. മോയിൻകുട്ടി : | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സീറ്റുകൾ വർദ്ധിപ്പിച്ചു എന്നും വർദ്ധന വരുത്തിയതിന്റെ മാനദണ്ഡമെന്തായിരുന്നു എന്നും വ്യക്തമാക്കുമോ | ഉണ്ട്. |
| (ബി) ഇതിൽ സർക്കാർ മേഖലയ്ക്കും എയിഡഡ് മേഖലയ്ക്കും അനുവദിച്ച വർദ്ധന എത്ര ശതമാനം വീതമെന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ, സർക്കാർ മേഖലയ്ക്ക് പ്രാധാന്യം നൽകി വർദ്ധന വരുത്താൻ നടപടി സ്വീകരിക്കുമോ? | (എ), (ബി) & (സി) കോടതി വിധിയുടെയും പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകതയുടെയും വെളിച്ചത്തിൽ 2012-13 അധ്യയന വർഷം 5 എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുകയുണ്ടായി. ടി 5 സ്കൂളുകളിലായി ആകെ 9 (ഒമ്പത്) ബാച്ചുകളാണനുവദിച്ചിട്ടുള്ളത്. ആ ബാച്ചിൽ 50 കുട്ടികൾ എന്ന കണക്കിൽ ആകെ വർദ്ധനവ് 450 സീറ്റുകളാണ്. ഇതുകൂടാതെ 04/04/12 ലെ ജി.ഒ (ആർ.റ്റി) 1615/12/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് സർക്കാർ/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ, അപേക്ഷിക്കുന്ന മുറയ്ക്ക് 20% മാർജിനൽ വർദ്ധനവ് എല്ലാ ബാച്ചുകൾക്കും അനുവദിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ടി ഉത്തരവുകൾക്ക് ശേഷം പ്ലസ് വൺ സീറ്റുകളിൽ വീണ്ടും കുറവ് വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ 20% സീറ്റ് വർദ്ധനവ് ഇതുവരെയും വർദ്ധനവ് പ്രാബല്യത്തിൽ വരാത്ത സർക്കാർ/ എയ്ഡഡ് സ്കൂളുകൾക്കും അൺ എയ്ഡഡ് മേഖലയിലെ ഹയർ സെക്കന്ററി ബാച്ചുകൾക്കും വൊക്കേഷണൽ ഹയർ സെക്കന്ററി ബാച്ചുകൾക്കും ബാധകമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.